# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

13-07-2015- ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2936

## അദാനിയുമായി മുഖ്യമന്ത്രി നടത്തിയ കൂടിക്കാഴ്ച

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എളമരം കരീം : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടറിൽ ക്വാട്ട് ചെയ്ത അദാനി പോർട്ട്സ് ഉടമ അദാനിയുമായി മുഖ്യമന്ത്രി ഡൽഹിയിൽ വെച്ച് നടത്തിയ കൂടിക്കാഴ്ച ഔദ്യോഗികമായിരുന്നുവോ; | (എ) വിഴിഞ്ഞം തുറമുഖ ടെണ്ടറിൽ പങ്കെടുത്ത Adani Ports & Special Economic Zone Ltd ന്റെ ചെയർമാനും ആ കമ്പനിയുടെ ഉദ്യോഗസ്ഥൻമാരുമായി മുഖ്യമന്ത്രിയും പദ്ധതിയുമായി ബന്ധപ്പെട്ട കേരളത്തിലെ ഉദ്യോഗസ്ഥൻമാരും ചേർന്ന് നടത്തിയ കൂടിക്കാഴ്ച തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗ തീരുമാന പ്രകാരം ബിഡിൽ യോഗ്യത നേടിയ കമ്പനികളെ ബിഡ്ഡിൽ പങ്കെടുപ്പിക്കുന്നതിന് അവർക്ക് താല്പര്യം ജനിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു. അത് ടെണ്ടർ നടപടി ക്രമങ്ങളുടെ ഭാഗമായ പ്രീ-ബിഡ്ഡ് മീറ്റിംഗ് ആയിരുന്നില്ല. |
| (ബി) അദാനിയുമായി കൂടിക്കാഴ്ച നടത്താൻ മന്ത്രിസഭ തിരുമാനിച്ചിട്ടുണ്ടായിരുന്നുവോ; തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡിൽ തീരുമാനം എടുത്തിട്ടുണ്ടായിരുന്നുവോ; | (ബി) അദാനിയുമായി കൂടിക്കാഴ്ച നടത്താൻ മന്ത്രിസഭ തിരുമാനിച്ചിട്ടില്ല. ബിഡ്ഡിൽ ആരും താല്പര്യം പ്രകടിപ്പിക്കാത്ത സാഹചര്യത്തിൽ ബിഡ്ഡിൽ യോഗ്യത നേടിയ കമ്പനികളെ ബിഡ്ഡിൽ പങ്കെടുപ്പിക്കുന്നതിനുള്ള താല്പര്യം ജനിപ്പിക്കുന്നതിനു വേണ്ടി തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ തീരുമാന പ്രകാരം ബോർഡ് ചെയർമാൻകൂടിയായ |

മുഖ്യമന്ത്രി ടെണ്ടറിൽ പങ്കെടുത്ത അദാനി പോർട്ട്സിന്റെ ചെയർമാനുമായി കൂടിക്കാഴ്ച്ച നടത്തിയത്.

(സി) കൂടിക്കാഴ്ചയ്ക്കുവേണ്ടി മുഖ്യ മന്ത്രി നടത്തിയ കറസ്പോണ്ടൻസ് എന്തൊക്കെയായിരുന്നു; പ്രസ്തുത കൂടിക്കാഴ്ച യോഗത്തിന്റെ മിനിട്സിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(സി) കൂടിക്കാഴ്ചയ്ക്കുവേണ്ടി മുഖ്യമന്ത്രി ബിഡ്ഡിൽ യോഗ്യത നേടിയ എല്ലാ കമ്പനികളുടെ പ്രതിനിധികളുമായി ഫോണിൽ സംസാരിച്ചതല്ലാതെ മറ്റ് കറസ്പോണ്ടൻസ് ഒന്നും നടത്തിയിട്ടില്ല. ടെണ്ടർ പ്രോസസ്സിന്റെ ഭാഗമായ പ്രീ ബിഡ് മീറ്റിംഗ് അല്ലാത്തതിനാൽ ഈ യോഗത്തിന്റെ മിനിട്സ് തയ്യാറാക്കിയിട്ടില്ല.

(ഡി) ഒരു വൻകിട പദ്ധതിയുടെ ടെണ്ടറിനു പങ്കെടുത്ത ഒരു കമ്പനി ഉടമയുമായി ഇത്തരത്തിൽ നടത്തിയ ചർച്ച ടെണ്ടർനായുളള നടപടിക്രമങ്ങൾ സംബന്ധിച്ച വ്യവസ്ഥകളുടെ ഏത് വ്യവസ്ഥയനുസരിച്ചാണെന്നു വെളിപ്പെടുത്താമോ?

(ഡി) ടെണ്ടറിൽ യോഗ്യത നേടിയ കമ്പനികൾ ആരും തന്നെ ബിഡ് സമർപ്പിക്കാൻ താല്പര്യം കാണിക്കാത്ത സാഹചര്യത്തിൽ തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ തീരുമാന പ്രകാരം ബിഡ്ഡിൽ യോഗ്യത നേടിയ കമ്പനികളെ ബിഡ്ഡിൽ പങ്കെടുപ്പിക്കുന്നതിനുളള താല്പര്യം ജനിപ്പിക്കുന്നതിനുവേണ്ടി ബോർഡ് ചെയർമാൻ കൂടിയായ മുഖ്യമന്ത്രി എല്ലാ കമ്പനികളുടെ ചെയർമാനുമായി ചർച്ച നടത്തിയിരുന്നു. ഇതിന്റെ തുടർ നടപടിയായിട്ടാണ് ടെണ്ടറിൽ പങ്കെടുത്ത അദാനി പോർട്ട്സിന്റെ ചെയർമാനുമായി മുഖ്യമന്ത്രി നേരിട്ട് ചർച്ച നടത്തിയത്. ഇത് ടെണ്ടർ നടപടികളുടെ ഔദ്യോഗിക ഘടകമായ പ്രീ- ബിഡ്ഡ് മീറ്റിംഗ് അല്ലായിരുന്നുവെങ്കിലും ഇത്തരത്തിലുളള ചർച്ച നടത്തുന്നതിന് ടെണ്ടർ നടപടി ക്രമങ്ങളെ നിയമപരമായി ബാധിക്കുന്നില്ല.

സെക്ഷൻ ഓഫീസർ